LIBRARY ARCHIVES Kerala Legislative Assembly

**അമ്പൂരി പഞ്ചായത്തിലെ ആദിവാസികളുടെ വീട് നിർമ്മാണം**

63(540) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി പഞ്ചായത്തിലെ പുരവിമല, ചാക്കപ്പാറ മേഖലകളിലെ ആദിവാസികൾക്ക് കൈവശ ഭൂമിയിൽ നിന്നും തടികൾ മുറിച്ച് ഉപയോഗിക്കാൻ അനുമതി നൽകാത്തതു കാരണം വീട്ടു പണി പൂർത്തിയാക്കാനാവാതെ അവരനുഭവിക്കുന്ന വിഷമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(സി) മുൻപ് ഏതെങ്കിലും മേഖലയിലെ ആദിവാസി വിഭാഗക്കാർക്ക് ഇത്തരത്തിൽ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമ്പൂരി പഞ്ചായത്തിലെ പുരവിമല, ചാക്കപ്പാറ ഭാഗങ്ങളിൽനിന്നും ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനായി കൈവശ ഭൂമിയിൽ നിന്നിരുന്ന 5 ഇനം മരങ്ങളിൽ (പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ) നിന്ന് 1.5 ക്യൂ. മീ. തടി മുറിച്ചുപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പുരവിമല, ചാക്കപ്പാറ മേഖലകളിൽനിന്നും ടി ആവശ്യത്തിലേക്കായി 17 അപേക്ഷകളാണ് നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളത്. അതിൽ 9 അപേക്ഷകളിൽ നടപടി സ്വീകരിച്ച് മരം മുറിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ അവ പരിഹരിക്കുവാനായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 6-6-2015-ലെ സ.ഉ. (എം.എസ്.) നമ്പർ 42/2015/വനം (അനുബന്ധമായി ചേർത്തിരിക്കുന്നു*)

(സി) ഉണ്ട്. മുമ്പും സ.ഉ. (കൈ) 52/2009/വനം. തീയതി, 26-11-2009, സ.ഉ.(കൈ) 6/07/ വനം. തീയതി, 12-2-2007 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും ആദിവാസി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് തടി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്